# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2090** **06.02.2019 - ൽ മറുപടിയ്ക്ക്**

## മൃതസഞ്ജീവനി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോർജ് എം.തോമസ്:<br>ശ്രീ.സി.കെ.ഹരീന്ദ്രൻ :<br>ശ്രീ.കെ.സുരേഷ് കുറുപ്പ്:<br>ശ്രീ.യു.ആർ.പ്രദീപ്: | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കർശനമാക്കിയതിന് ശേഷം അവയവ ദാനം ഗണ്യമായി കുറഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) ജീവിച്ചിരിക്കുന്നവരുടെ അവയവദാനത്തിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, മസ്തിഷ്ക മരണ സ്ഥിരീകരണ പ്രക്രിയയെ ചോദ്യം ചെയ്തുകൊണ്ട് ഡോ.എസ്.ഗണപതി ബഹു.ഹൈക്കോടതിയിൽ പൊതുതാല്പര്യ ഹർജി ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിൽ വന്ന വാർത്തകൾ പൊതു സമൂഹത്തിൽ മസ്തിഷ്കമരണ സ്ഥിരീകരണത്തെക്കുറിച്ച് കൂടുതൽ ആശങ്ക ഉണ്ടാക്കിയിരുന്നു. ഇതിനെത്തുടർന്ന് ബഹു.ഹൈക്കോടതിയുടെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ മസ്തിഷ്ക മരണ സ്ഥിരീകരണം കൂടുതൽ കുറ്റമറ്റതാക്കുന്നതിനായി 01.02.2017 ലെ സ.ഉ.(കൈ)നം.16/2017/ആകുവ പ്രകാരം കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2017, 2018 വർഷങ്ങളിൽ മസ്തിഷ്ക മരണാനന്തര അവയവ ദാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. |
| ബി ) മസ്തിഷ്ക മരണം സംഭവിച്ചവരുടെ അവയവദാനം പ്രോത്സാഹിപ്പിക്കാൻ രൂപീകരിച്ച കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് ഈ മേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് അറിയിക്കാമോ;<br><br>സി) മസ്തിഷ്ക മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും ജനങ്ങൾക്കിടയിൽ ഇത് സംബന്ധിച്ച് ഉണ്ടായിട്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനും വ്യാജ പ്രചരണങ്ങൾ തടയുന്നതിനും | (ബി യും സി യും) മസ്തിഷ്ക മരണാനന്തര അവയവദാനത്തെക്കുറിച്ചും, അവയവദാനത്തിന്റെ ആവശ്യകത, പ്രാധാന്യം എന്നിവയെക്കുറിച്ചു പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് വഴി സംസ്ഥാനത്തുടനീളം ബോധവൽക്കരണ ക്ലാസ്സുകളും ശില്പശാലകളും മെഡിക്കൽ പാരാമെഡിക്കൽ സ്റ്റാഫുകൾക്ക് പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു. അവയവദാനത്തിന് താല്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും ദൃശ്യ ശ്രവ്യ അച്ചടി മാധ്യമങ്ങൾ വഴി വിവിധ സാംസ്കാരിക മേളകളിൽ വച്ച് അവയവദാന സമ്മതപത്ര വിതരണം നടത്തി വരുകയും ചെയ്യുന്നുണ്ട്. |

| | |
|---|---|
| മൃതസഞ്ജീവനി പദ്ധതി പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | ജീവിച്ചിരിക്കുന്നവരുടെ അവയവദാനം (Live Donation), സ്വാപ്പ് ഡൊണേഷൻ, ലാഭേച്ഛ കൂടാതെ പരോപകാരതല്പരതയോടെയുള്ള അവയവദാനം (Altruistic Donation) എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 15.02.2018 ലെ സ.ഉ.(കൈ)നം.26/2018/ആകുവ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>മസ്തിഷ്ക മരണാനന്തര അവയവദാന പ്രക്രിയ കൂടുതൽ വേഗത്തിൽ ആക്കുന്നതിന് എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ഒരു റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിനും രണ്ട് ട്രാൻസ് പ്ലാന്റ് കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിനും 30.06.2018 ലെ സ.ഉ (സാധാ)നം.2080/2018/ആകുവ പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>മസ്തിഷ്ക മരണം നേരത്തെ തിരിച്ചറിയുന്നതിനും ദാതാവിന്റെ അവയവങ്ങൾക്ക് കൂടുതൽ പരിചരണങ്ങൾ നൽകിക്കൊണ്ട് അവ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നത് ഉറപ്പ് വരുത്തുന്നതിലേക്കുമായി. ട്രാൻസ് പ്ലാന്റ് പ്രൊക്യൂർമെന്റ് മാനേജർമാരെ നിയമിക്കുന്നതിന് 03.11.2018 ലെ സ.ഉ(സാധാ) നം.3306/2018/ആകുവ പ്രകാരം ഉത്തരവായിട്ടുണ്ട്. നിലവിലെ ന്യൂറോളജി ഡോക്ടർമാർക്കു പുറമെ അനസ്തേഷ്യ ഇന്റൻസിവിസ്റ്റ് വിഭാഗം ഡോക്ടർമാരെ വിവിധ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ട്രാൻസ് പ്ലാന്റ് പ്രൊക്യൂർമെന്റ് മാനേജർമാരായി നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) മസ്തിഷ്ക മരണ സ്ഥിരീകരണ പ്രക്രിയ ഏകോപിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനുമായി ഡോക്ടർ മാർക്ക് ഈ വിഷയത്തിൽ വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) മസ്തിഷ്ക മരണാനന്തര അവയവദാന പ്രക്രിയ ഏകോപിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടി ജില്ലാ തലത്തിൽ ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർമാരെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. കൂടാതെ 300 ഓളം സർക്കാർ ഡോക്ടർമാർമാരെ എംപാനൽ ചെയ്ത് മസ്തിഷ്ക മരണ സ്ഥിരീകരണ പ്രക്രിയയിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ